"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജവകുപ്പ് - കോവിഡ്-19 രോഗവ്യാപനം മുഖേനയുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നത് - ലോക്ഡൗൺ സമയത്തെ വൈദ്യുതി ഉപഭോഗത്തിനുള്ള ചാർജ്ജ് - ഇളവുകൾ നൽകുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.80/2020/ഊ.വ** തീയതി,തിരുവനന്തപുരം, 26/06/2020

---

പരാമർശം:- കെ.എസ്.ഇ,ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 25-06-2020ലെ KSEBL/TRAC-D/Covid Pandemic-tariff concession/2020- 21 നമ്പർകത്ത്

**<u>ഉത്തരവ്</u>**

കോവിഡ്-19 രോഗവ്യാപനം മുഖേന പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ച് വരുന്നസാഹചര്യത്തിൽ ലോക്ക്ഡൗൺ സമയത്തെ വൈദ്യുതി ഉപഭോഗത്തിന് വലിയ ബില്ലുകൾ വന്നത് സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.

സാധാരണ നിലയിൽത്തന്നെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്ന സമയമാണ് ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലം. അതു കൂടാതെ ലോക്ക്ഡൗൺ ആയതിനാൽ കുടുംബാംഗങ്ങളെല്ലാം പൂർണ്ണമായും വീടുകളിൽ ഉണ്ടായിരുന്നതും ഉപഭോഗം വലിയ തോതിൽ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ മാർച്ച് 24 മുതൽ ഏപ്രിൽ 20 വരെ മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാതിരുന്നതിനാൽ രണ്ടുമാസത്തിലൊരിക്കൽ റീഡിംഗ് എടുത്ത് ബില്ല് നൽകേണ്ടതിനു പകരം പലർക്കും നാലു മാസത്തെ റീഡിംഗ് എടുത്ത് ബില്ല് നൽകേണ്ട സ്ഥിതി ഉണ്ടായി. നൽകിയിട്ടുള്ള ബില്ലുകൾ നിയമാനുസൃതമാണെങ്കിൽപോലും ഒന്നിച്ച് ഈ തുക അടക്കുന്നതിന് പ്രയാസമുള്ളവർക്ക് തവണകൾ അനുവദിച്ചുകൊണ്ട് സാവകാശം നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ ബില്ലടച്ചില്ല എന്ന കാരണത്താൽ തൽക്കാലം ആരുടേയും വൈദ്യുതി ബന്ധം വിച്ഛേദിക്കേണ്ടതില്ല എന്നും തീരുമാനിച്ചിരുന്നു. വൈദ്യുതി ഉപഭോഗം വർദ്ധിച്ചത് സ്വാഭാവികമായി സംഭവിച്ചതാണെങ്കിലും ഉയർന്ന ബിൽ തുക വന്നത് കോവിഡ് കാലത്ത് പൊതുവെ വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ചുവടെ പറയുന്ന ഇളവുകൾ നൽകുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

1.നിലവിൽ 4 0 യൂണിറ്റുവരെ ഉപയോഗിക്കുന്ന 5 0 0 വാട്ടിൽ താഴെ കണക്ടഡ് ലോഡ് ഉള്ളവർക്ക് നിലവിൽ വൈദ്യുതി സൗജന്യമാണ്. ഈ വിഭാഗത്തിന് ഇപ്പോൾ ഉപയോഗിച്ച വൈദ്യുതിയുടെ അളവ് കണക്കിലെടുക്കാതെ തന്നെ സൗജന്യം അനുവദിക്കാം.

2.പ്രതിമാസം 4 0 യൂണിറ്റ് വരെ ഉപയോഗിക്കുന്ന 1000 വാട്ടിൽ താഴെ കണക്ടഡ് ലോഡ് ഉള്ളവർക്ക് നിലവിൽ യൂണിറ്റിന് 1.50 രൂപയാണ് നിരക്ക്. നിലവിൽ ഈ വിഭാഗത്തിൽ പെട്ട ഉപഭോക്താക്കൾക്ക് ഇപ്പോൾ ഉണ്ടായ ഉപഭോഗം എത്ര യൂണിറ്റായാലും 1. 5 0 രൂപ എന്ന നിരക്കിൽത്തന്നെ ബില്ല് കണക്കാക്കാം.

3.നിലവിൽ പ്രതിമാസം 5 0 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് അവർക്ക് ഇത്തവണ അധിക ഉപഭോഗം മൂലം ഉണ്ടായിട്ടുള്ള ബിൽ തുകയുടെ വർദ്ധനവിന്റെ പകുതി സബ്സിഡി അനുവദിക്കാം.

4.നിലവിൽ പ്രതിമാസം 100 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് അവർക്ക് ഇത്തവണ അധിക ഉപഭോഗം മൂലം ഉണ്ടായിട്ടുള്ള ബിൽ തുകയുടെ വർദ്ധനവിന്റെ 30% സബ്സിഡി അനുവദിക്കാം.

5.നിലവിൽ പ്രതിമാസം 150 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് അവർക്ക് ഇത്തവണ അധിക ഉപഭോഗം മൂലം ഉണ്ടായിട്ടുള്ള ബിൽ തുകയുടെ വർദ്ധനവിന്റെ 25% സബ്സിഡി അനുവദിക്കാം.

6.നിലവിൽ പ്രതിമാസം 150 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന മുഴുവൻ ഉപഭോക്താക്കൾക്ക് അവർക്ക് ഇത്തവണ അധിക ഉപഭോഗം മൂലം ഉണ്ടായിട്ടുള്ള ബിൽ തുകയുടെ വർദ്ധനവിന്റെ 20% സബ്സിഡി അനുവദിക്കാം.

7.ലോക്ക് ഡൗൺ കാലയളവിലെ വൈദ്യുതി ബിൽ തുക അടക്കാൻ 3 തവണകൾ അനുവദിച്ചിരുന്നു. തവണകൾ കൂട്ടി നൽകണം എന്ന ആവശ്യം കണക്കിലെടുത്ത് 5 തവണകൾ വരെ അനുവദിക്കാം.

ബന്ധപ്പെട്ട ബോർഡ് ഉത്തരവുകൾ കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതും മേൽ നിർദ്ദേശങ്ങൾ ഇലക്ട്രിസിറ്റി ആക്ട്-2003 സെക്ഷൻ-65 പ്രകാരം സബ്സിഡിയായി പരിഗണിക്കുന്നതിനാവശ്യമായ ശുപാർശയുടെ വിശദവിവരങ്ങൾ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ ദിനേശ് അറോറ**

**സെക്രട്ടറി**

പകർപ്പ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ, ബി ലിമിറ്റഡ്, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ &ഇ) , കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ) (പ്രസിദ്ധീകരണത്തിനായി)

ധനകാര്യവകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SHAMEEM MUHAMMED B M
Date: 2020.06.29 11:10:56 IST
Reason: Approved

സെക്ഷൻ ഓഫീസർ